പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *653 12-07-2012 ൽ മറുപടിക്ക്

## ആഗോളതലത്തിലെ ഇലക്ട്രോണിക്സ് വ്യവസായ സാധ്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത് | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ആഗോളതലത്തിൽ ഇലക്ട്രോണിക്സ് വ്യവസായത്തിനുള്ള സാധ്യത സംസ്ഥാനത്ത് എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാലഘട്ടങ്ങളിലാണ് പഠനങ്ങൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ആഗോളതലത്തിൽ ഇലക്ട്രോണിക്സ് വ്യവസായത്തിനുള്ള സാധ്യതകളെപ്പറ്റി പഠിച്ച് നടപടിയെടുക്കുന്നതിലേയ്ക്കായി 2007 ഫെബ്രുവരി മാസത്തിൽ സംസ്ഥാനസർക്കാർ രൂപം കൊടുത്ത കമ്മിറ്റി സമഗ്രമായ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) ഇത്തരം പഠന റിപ്പോർട്ടുകളിലൂടെ ലഭിച്ച പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (ബി) തിരുവനന്തപുരത്തും കൊച്ചിയിലും ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കുകൾ സ്ഥാപിക്കുന്നതിന് ശുപാർശ നൽകിയിരുന്നു. |
| (സി) പ്രസ്തുത റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനായി 334 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് വഴി ഏറ്റെടുക്കുന്നതിന് അനുമതി നൽകുകയുണ്ടായി. കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഈ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ